A3/90/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - വൈലോപ്പിള്ളി സംസ്കൃതി ഭവന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.340/2025/CLAD തീയതി, തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. 22.04.2025 തീയതി കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം.
2. സർക്കാരിന്റെ 13.05.2025 തീയതിയിലെ A3/90/2025 നമ്പർ കത്ത്.
3. വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറിയുടെ 10.06.2025 തീയതിയിലെ എം.പി.സി.എസ്. നമ്പർ.27/അക്കൗണ്ട്സ്/2024-25 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വൈലോപ്പിള്ളി സംസ്കൃതി ഭവന് പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം “2205-00-102-40-36 (പ്ലാൻ)” എന്ന ശീർഷകത്തിൽ 1,75,00,000/- രൂപ (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു. പരാമർശം (1)-ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനപ്രകാരം പ്രസ്തുത പ്രൊപ്പോസലിലെ Building Renovation എന്ന ഘടകവുമായി ബന്ധപ്പെട്ട് സിവിൽ വർക്ക്സ് അടക്കമുള്ള പുതിയ പ്രൊജക്ടുകളുടെ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാനും Research Centre for folk arts and its fellowship എന്ന ഘടകം നിരസിച്ചതിനാൽ ടി ഘടകത്തിലെ തുകയായ 2 ലക്ഷം രൂപ മറ്റൊരു ഘടകത്തിലേക്ക് reallocate ചെയ്യുന്നതിനായുമുള്ള പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാനും വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറിയ്ക്ക് പരാമർശം (2) പ്രകാരം കത്ത് നൽകിയിരുന്നു. ആയതിന് പരാമർശം (3) പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

**2 .** വൈലോപ്പിള്ളി സംസ്കൃതി ഭവൻ സെക്രട്ടറി നൽകിയ പുതുക്കിയ പ്രൊപ്പോസൽ പ്രകാരം Building Renovation എന്ന 48 ലക്ഷം രൂപയുടെ ഘടകത്തിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കാൻ STEEL INDUSTRIES KERALA LTD-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ടി ഘടകത്തിൽ ഉൾപ്പെട്ട നാടക പരിശീലന സ്റ്റേജ് നിർമ്മാണത്തിന് 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ബാക്കി 28 ലക്ഷം രൂപയുടെ ഡോർമിട്ടി നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിൽ സമർ പ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ Research Centre for folk arts and its fellowship എന്ന ഘടകത്തിലെ തുകയായ 2 ലക്ഷം രൂപ Samskrithi Samskarikolsavam-Various

cultural Programmes and festivals എന്ന ഘടകത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 22.04.2025 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പിലെ 48 ലക്ഷം രൂപയുടെ Building Renovation എന്ന ഘടകം താൽക്കാലികമായി ഒഴിവാക്കിയും Research Centre for folk arts and its fellowship എന്ന ഘടകത്തിലെ തുകയായ 2 ലക്ഷം രൂപ Samskrithi Samskarikolsavam-Various cultural Programmes and festivals എന്ന ഘടകത്തിൽ ഉൾപ്പെടുത്തിയും ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ 2025-2026 സാമ്പത്തികവർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 1,27,00,000 /- രൂപയായി (ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ശീർഷകം** : 2205-00-102-40-36

| Sl No. | Name of Work | Amount in Lakhs |
|---|---|---|
| 1. | Samskrithi Samskarikolsavam-Various cultural Programmes and festivals | 67 |
| 2. | Balakeralam Project | 15 |
| 3. | Short Term course for various artforms. | 5 |
| 4. | Renovation of TK Ramakrishnan Memorial Library | 3 |
| 5. | Dormitory Renovation | 10 |
| 6. | Documentation of various artforms | 5 |
| 7. | Setting up of Recording Studio and Youtube Channel | 15 |
| 8. | Construction of Ramp for physically disabled persons | 5 |
| 9. | Vyloppilly Awards | 2 |
| | **TOTAL** | 127 |

**4.** ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത് :

i. ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

ii. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ.ടി. പ്രൊക്യുർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

iii. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

iv. സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം

ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്.പി.ഒ., തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (വിദ്യാഭ്യാസ (സി)/പ്ലാനിംഗ് ബി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Renju. A. R
Date: 17-06-2025 17:35:53
സെക്ഷൻ ഓഫീസർ